(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ കെ. എം. മാണി) :

(എ) ഡെൻമാർക്ക് സർക്കാരിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് മൂന്ന് ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കാൻ കരാർ ഒപ്പുവച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ വിവരങ്ങൾ താഴെ പറയുന്നു.

		തുക (കോടി) രൂപ
1.	ഇടപ്പാളും സമീപ പഞ്ചായത്തുകൾക്കും മുള്ള ശുദ്ധജലവിതരണ പദ്ധതി	3.3
2.	ചീക്കോടും സമീപ പഞ്ചായത്തുകൾക്കു മുള്ള ശുദ്ധജല വിതരണ പദ്ധതി	2.64
3.	കൊള്ളച്ചേരിയും 7 സമീപ പഞ്ചായത്തു കൾക്കുമുള്ള ശുദ്ധജല വിതരണ പദ്ധതി	6.69

ദേശീയോദ്ഗ്രഥനത്തിന് അനുസൃതമായ പാഠ്യപദ്ധതി

*383. [411] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :

,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയോദ്ഗ്രഥനം ലക്ഷ്യമാക്കി നമ്മുടെ പാഠപദ്ധതി തയ്യാറാക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) ദേശീയോദ്ഗ്രഥനം എന്ന ഉദാത്തമായ ആശയത്തിന് മുൻതൂക്കം കൊടുത്തുകൊണ്ടുതന്നെയാണ് അഞ്ചുമുതൽ പത്തുവരെ ക്ലാസ്സുകളിലെ മാതൃഭാഷേതര പഠന പുസ്തകങ്ങൾ സംവിധാനം ചെയ്തിട്ടുള്ളതും 1987-88 മുതൽ പുതുക്കി തയ്യാറാക്കാനുദ്ദേശിക്കുന്ന ഭാഷാപാഠപുസ്തകങ്ങളിലും ഇതിന് വേണ്ടത്ര പ്രാധാന്യം നൽകുന്നുണ്ട്. ഈ ആശയത്തിന് കോട്ടം തട്ടത്തക്ക പരാമർശങ്ങൾ നിലവിലുള്ള പാഠപുസ്തകങ്ങളിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ട്.

സാമൂഹ്യ ജലസേചന പദ്ധതികൾ തെരഞ്ഞെടുക്കുന്നതിൽ ജനപ്രതിനിധികളുടെ പങ്ക്

*384. [412] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ ജലസേചന പദ്ധതികൾ ഏതെല്ലാം എന്ന് നിശ്ചയിക്കുന്നതിൽ ജനപ്രതിനിധികൾക്ക് എന്തെങ്കിലും പങ്കുണ്ടായിരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ ജനപ്രതിനിധികളുടെ അഭിപ്രായം കൂടി ആരായുമോ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ, ബി) സാമൂഹ്യ ജലസേചന പദ്ധതികളുടെ തെരഞ്ഞെടുപ്പിനെ പറ്റി ചർച്ച ചെയ്ത ജില്ലാ കൗൺസുകളിൽ ജനപ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ചിട്ടുണ്ട്.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

അസിസ്റ്റന്റ് ലൈൻമാൻ തസ്തികയുടെ റാങ്ക് ലിസ്റ്റ്

1397. [2113] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ഡബ്ലിയു. ഡി. ചീഫ് എഞ്ചിനീയറുടെ (ജനറൽ ആൻഡ് ആർ ആൻഡ് ബി) 11-7-1986-ലെ ഇ. എൽ. (1) 30269/86 നമ്പർ നിർദ്ദേശ പ്രകാരം 30-7-1986-ന് പാലക്കാട് വച്ചുനടന്ന അസിസ്റ്റന്റ് ലൈൻമാൻ തസ്തികയ്ക്ക് വേണ്ടിയുള്ള ഇൻറർവ്യൂവിന്റെ റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത് ;

(ബി) ഈ റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണവസാനിക്കുന്നത് ?

ഉത്തരം

(എ) താൽക്കാലിക നിയമനത്തിനുവേണ്ടിയാണ് പ്രസ്തുത ഇൻറർവ്യൂ നടത്തിയത്. താൽക്കാലിക നിയമനത്തിന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന സമ്പ്രദായം നിലവിലില്ല. സെലക്ഷൻ കിട്ടിയ ആളിന്റെ വിവരം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിനെ അറിയിക്കുകയാണ് പതിവ്. അപ്രകാരം ഒരാളെ സെലക്റ്റ് ചെയ്യുകയും ഈ വിവരം 6-8-1986-ൽ പാലക്കാട് എംപ്ലോയ്മെൻറ് ആഫീസറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സെലക്റ്റ് ചെയ്ത ഒരാളെ 179 ദിവസത്തേക്ക് നിയമിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

പൊതുമരാമത്ത് വകുപ്പിൽ റോളർ ക്ലീനർ തസ്തികയിലേക്കുള്ള പി. എസ്. സി. തെരഞ്ഞെടുപ്പ്

1398. [2114] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ റോളർ ക്ലീനർ തസ്തികയിലേക്ക്, പി. എസ്. സി. തെരഞ്ഞെടുപ്പ് ജില്ലാ അടിസ്ഥാനത്തിൽ ആണോ നടക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly